പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1007

29/09/2011-ൽ മറുപടി
നല്കേണ്ടത്

## ചെങ്ങറ-മൂലമ്പിള്ളി പാക്കേജുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ:<br>ശ്രീമതി. ഗീതാ ഗോപി:<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. കെ. രാജു: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ചെങ്ങറ-മൂലമ്പിള്ളി എന്നീ പാക്കേജുകളുടെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (എ) 19/03/2008ലെ ജി.ഒ. (എം.എസ്) 62/08/റവന്യൂ ഉത്തരവ് പ്രകാരമാണ് മൂലമ്പള്ളി പാക്കേജ് നിലവിൽ വന്നത്. (സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു). 24/08/2011ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ചെങ്ങറ പുനരധിവാസ പാക്കേജുമായി ബന്ധപ്പെട്ട തീരുമാനം ഉണ്ടായത്. (യോഗത്തിന്റെ നടപടിക്രമങ്ങളുടെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു). |
| (ബി) പ്രസ്തുത പാക്കേജുകൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇവ നടപ്പാക്കിയപ്പോൾ ഉണ്ടായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി)<br>പാക്കേജുകൾ നടപ്പിലാക്കിവരുന്നു. |
| (സി) ചെങ്ങറസമരം ഒത്തുതീർപ്പാക്കുന്നതിന് മുൻ ഗവണ്മെന്റിന്റെ കാലത്ത് സ്വീകരിച്ച ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു; ആ വ്യവസ്ഥകളിൽ കൂട്ടതലായി എന്തെങ്കിലും ഇപ്പോഴത്തെ പാക്കേജിലുണ്ടോ, എങ്കിൽ വിശദമാക്കാമോ? | (സി) 02/01/2010ലെ ജി.ഒ. (എം.എസ്) 02/10/റവന്യൂ ഉത്തരവ് പ്രകാരം മുൻ സർക്കാർ താഴെ പറയുന്ന 9 നിർദ്ദേശങ്ങളിന്മേൽ നടപടി സ്വീകരിച്ചുവന്നിരുന്നു.<br>1. സമരത്തിൽ പങ്കെടുത്തവരും ഭൂമി ലഭിക്കാൻ അർഹതയുള്ളവരെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതുമായ 1495 കുടുംബങ്ങൾക്ക് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി കണ്ടെത്തിയ 831 ഏക്കർ ഭൂമിയിൽ നിന്നും അനുബന്ധമായി കൊടുത്ത ലിസ്റ്റ് പ്രകാരം വിതരണം നടത്തുന്നതാണ്.<br>2. മേൽ പറഞ്ഞ ഭൂമിയിൽ മിച്ചഭൂമി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഇനം മാറ്റി പതിച്ചു നല്കുന്നതിനും മുമ്പ് പതിച്ച് നല്കിയതെങ്കിലും ഗുണഭോക്താക്കൾ കൈപ്പറ്റാത്ത ഭൂമി |

ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ നടപടിക്രമങ്ങൾ പാലിച്ച് അവ സർക്കാർ തിരികെ എടുത്ത് ലിസ്റ്റ് പ്രകാരമുള്ള കുടുംബങ്ങൾക്ക് പതിച്ചു നല്കുന്നതിനും അനുമതി നല്കുന്നതാണ്.

3. വനം വകുപ്പ് അവകാശമുന്നയിച്ചിട്ടുള്ളതും എന്നാൽ കൃഷിക്കും വാസത്തിനും യോഗ്യമായിട്ടുള്ളതുമായ ഭൂമി ഉണ്ടെങ്കിൽ നിയമപ്രകാരം പരിഹാര വനവൽക്കരണത്തിന് വേണ്ടി പകരം റവന്യൂ ഭൂമി നല്കിയ ശേഷം ഏറ്റെടുത്ത് പട്ടികയിലെ അപേക്ഷകർക്ക് പതിച്ച് നല്കുവാനുള്ള നടപടി റവന്യൂ-വനം വകുപ്പുകൾ സ്വീകരിക്കുന്നതാണ്.
4. മേൽ പറഞ്ഞ ഭൂമിയിലേതെങ്കിലും പതിച്ചു കൊടുക്കാൻ കഴിയാതെ വന്നാൽ പകരം ഭൂമി കണ്ടെത്തി പതിച്ചു നല്കുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.
5. ഓരോ കുടുംബത്തിനും ഏത് ജില്ലയിൽ ഭൂമി അനുവദിക്കണമെന്നുള്ളത് പത്തനംതിട്ട ജില്ലാ കളക്ടറുടെ ചുമതലയിൽ നറുക്കെടുപ്പിലൂടെ (Lot) തീരുമാനിക്കുന്നതാണ്.
6. ഭൂമി ലഭിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിന് ധനസഹായം നല്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ട ചുമതല പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനായിരിക്കും.
7. മറ്റ് വിഭാഗത്തിൽപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിന് ധന സഹായം നല്കുന്നതിനായി നടപടി കൈക്കൊള്ളേണ്ട ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിനായിരിക്കും.
8. വീട് വയ്ക്കുന്നതിനുള്ള ധനസഹായത്തിന് പുറമേ അടിസ്ഥാന സൗകര്യവികസനം, കാർഷിക ജീവസന്ധാരണ മാർഗ്ഗങ്ങൾ എന്നിവ പ്രദാനം ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ചുമതല ബന്ധപ്പെട്ട മറ്റ് വകുപ്പുകൾക്കായിരിക്കും.
9. മേൽപറഞ്ഞ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനുള്ള ചുമതല ജില്ലാ തലത്തിൽ അതത് ജില്ലാ കളക്ടർമാർക്കും സംസ്ഥാനതലത്തിൽ അഡീഷണൽ ലാന്റ് റവന്യൂ കമ്മീഷണർക്കും ആയിരിക്കും.

ഈ സർക്കാർ നിലവിൽ വന്നശേഷം 24/08/2011ന് ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എന്നന്നേക്കുമുള്ള പരിഹാരം എന്ന നിലയിൽ താഴെ വിവരിച്ചിരിക്കുന്ന തീരുമാനങ്ങൾ എടുക്കുകയും അതിന്മേലുള്ള നടപടി അടിയന്തിരമായി സ്വീകരിച്ചുവരികയും ചെയ്യുന്നു.

ചെങ്ങറ പുനരധിവാസവുമായി ബന്ധപ്പെട്ട 1495 പേർക്കും ഭൂമി കണ്ടെത്തി നല്കാൻ സർക്കാർ തീരുമാനിച്ചതായി മുഖ്യമന്ത്രി അറിയിച്ചു.

i. വിവിധ ജില്ലകളിൽ (റവന്യൂ) അധികൃതരുടെയും സമരസമിതി നേതാക്കളുടെയും സംയുക്ത നേതൃത്വത്തിൽ

താഴെപ്പറയുന്ന തീയതികളിൽ ഭൂമി പരിശോധന നടത്തുന്നതാണ്: -

കാസർഗോഡ് - 1.9.11

കണ്ണൂർ - 2.9.11

ഇടുക്കി - 29.8.11

പാലക്കാട് - 25.8.11

കോഴിക്കോട്/വയനാട്,

(കോട്ടത്തറ/വൈത്തിരി) - 27.9.11

ഈ പരിശോധനയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ കളക്ടർമാർ ചെയ്തുകൊടുക്കേണ്ടതാണ്.

ii. തിരുവനന്തപുരം ജില്ലയിലെ പുനരധിവാസത്തിനായി കോഴിക്കോട് ജില്ലയിലെ നാദാപുരത്തിനടുത്തുള്ള ചൊക്യാട് സ്ഥലപരിശോധന നടത്തുന്നതാണ്: -

iii. വാസയോഗ്യമായ ഭൂമി ലഭ്യമാക്കിയാൽ അവിടെ സമരസമിതി അംഗങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ട ചുമതല ചെങ്ങറ സമരസമിതി ഉറപ്പ് നല്കണമെന്ന കാര്യത്തിൽ തീരുമാനമായി: -

iv. പത്ത് ദിവസത്തിനകം നല്കുവാനുള്ള ഭൂമി കണ്ടെത്തി, നടപടികൾ പൂർത്തിയാക്കുന്നതാണ്: -

ചെങ്ങറ പ്രശ്നം എന്നന്നേക്കുമായി പരിഹരിക്കാനുള്ള സർക്കാരിന്റെ തീരുമാനം മുഖ്യമന്ത്രിയും റവന്യൂ വകുപ്പ് മന്ത്രിയും യോഗത്തെ അറിയിച്ചു. അടുത്ത ഒരു മാസത്തിനുള്ളിൽ കാര്യങ്ങളിൽ അന്തിമ തീരുമാനത്തിനായി യോഗം ചേരാമെന്ന് മുഖ്യമന്ത്രി യോഗത്തിന് ഉറപ്പ് നല്കി.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.